മൽസ്യത്തൊഴിലാളികൾ

739. [1227] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര മൽസ്യത്തൊഴിലാളികളാണ് ഉള്ളത് ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി 30-9-1986 വരെ എത്ര രൂപ ഗവൺമെന്റ് വിഹിതമായി അടച്ചു ?

ഉത്തരം

(എ) കടലോര മേഖലയിൽ 1,63,964 മത്സ്യത്തൊഴിലാളികളാണുള്ളത്. മത്സ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ രൂപീകരണം പൂർത്തിയായതിനു ശേഷമേ സർവേ നടത്തി ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ കൃത്യമായ എണ്ണം പറയാൻ സാധിക്കുകയുള്ളു.

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി 30-9-1986 വരെ 7,25,702 രൂപ ക്ഷേമനിധി ബോർഡ് അടച്ചു.

മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ

740. [1228] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ ഭരണ സമിതിയിലേക്ക് നോമിനേറ്റ് ചെയ്യുന്നതിന് എന്തെങ്കിലും യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന യോഗ്യതകൾ ഇല്ലാത്തവർ നോമിനേറ്റ് ചെയ്യപ്പെടാൻ അർഹരാണ്.

1. ചെകിടനോ, ഊമയോ, കുരുടനോ, കുഷ്ഠരോഗിയോ ബുദ്ധിഭ്രമം ഉള്ള ആളോ ആയിരിക്കരുത്.
2. സ്വയം മറ്റൊരു രാജ്യത്തെ പൗരത്വം സ്വീകരിച്ച ആൾ ആയിരിക്കരുത്.
3. 1951-ലെ റെപ്രസന്റേഷൻ ഓഫ് പീപ്പിൾസ് ആക്ടിലെ സെക്ഷൻ 125-ഓ 135-ഓ 136-2 (എ) യോ പ്രകാരം ക്രിമിനൽ കുറ്റത്തിനു കോടതി ശിക്ഷിക്കപ്പെടുകയോ, ഏതെങ്കിലും തെരഞ്ഞെടുപ്പിൽ കൃത്രിമം കാണിച്ചതിനു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു അയോഗ്യത കല്പിക്കുകയോ ചെയ്യുകയും, എന്നാൽ അപ്രകാരം ശിക്ഷിച്ചതിനോ അയോഗ്യത കല്പിച്ചതിനോ ശേഷം ആറുവർഷം കഴിയാതിരിക്കുകയും ചെയ്ത ആളായിരിക്കരുത്.
4. ഗ്രാമ സംഘത്തിലെയോ മറ്റേതെങ്കിലും സംഘത്തിലേയോ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനായിരിക്കരുത്.
5. ഒരു കമ്പനിയിലോ സഹകരണ സംഘത്തിലോ അല്ലെങ്കിൽ ക്ഷേമ സംഘം ആക്ടിന്റെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമോ ഉള്ള ഓഹരിക്കാരൻ ഒഴികെ (എന്നാൽ ഡയറക്ടറല്ലാതെയുള്ളവർ) സംഘവുമായി ഉണ്ടാക്കിയ നിലവിലുള്ള ഏതെങ്കിലും ഉടമ്പടിയിലോ, പണിയിലോ എന്തെങ്കിലും താല്പര്യം സമ്പാദിക്കുകയോ ചെയ്ത ആൾ ആയിരിക്കരുത്.
6. പാപ്പരായി പ്രഖ്യാപിച്ച ആൾ ആയിരിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly